ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം - 1
ഇ-മെയിൽ: dirdhse.dge@kerala.gov.in
ഫോൺ നം. 0471 2325868

എഡി.ബി2/194881/ഡി.ജി.ഇ/2021 തീയതി : 12/07/2021

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം - യോഗ്യരായ HSA, UPSA/LPSA, Ministerial Staff (Higher Secondary Wing), Lab Assistant (Higher Secondary Wing), - എന്നിവരെ ഉൾപ്പെടുത്തിയ പുതുക്കിയ കരട് സീനിയോറിറ്റി ലിസ്റ്റ് പരാതി പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. G.O (P) No. 144/2001/G.Edn dated: 16/04/2001
2. G.O (MS) No. 296/2015/G.Edn dated: 01/12/2015
3. G.O (P) No. 144/2016/G.Edn dated: 26/08/2016
4. G.O (P) No. 2/2021/G.Edn dated: 30/01/2021
5. 15/02/2021, 19/02/2021 തീയതികളിലെ ഇതേ നമ്പർ സർക്കുലർ.
6. 10/03/2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
7. 02/07/2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ അധ്യാപക തസ്തികകളിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനായി സൂചന (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സൂചന (5) പ്രകാരം HSA, UPSA/LPSA, പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം Ministerial Staff, Lab Assistant എന്നീ വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റ നിയമത്തിനായി അപേക്ഷകൾ ക്ഷണിക്കുകയും, ആയത് പ്രകാരം online അപേക്ഷ സമർപ്പിച്ചിട്ടുള്ള HSA, UPSA/LPSA, Ministerial Staff, Lab Assistant എന്നീ അദ്ധ്യാപകർ/ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (6) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിഹരിച്ച് ഭേദഗതി വരുത്തിയ താല്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (7) പ്രകാരവും പ്രസിദ്ധീകരിച്ചിരുന്നു.

ടി ലിസ്റ്റിനെതിരെ ലഭ്യമായ പരാതികൾ പരിശോധിച്ചതിൽ നിന്നും **തസ്തികമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച നിരവധി അപേക്ഷകർ അവരുടെ ബി.എഡ് യോഗ്യതാ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ബി.എഡ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാത്ത അപേക്ഷകളിൽ ബി.എഡ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി സോഫ്റ്റ്‌വെയറിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകരും **14/07/2021 വൈകിട്ട് 5 മണിക്ക് മുമ്പായി** അവരുടെ ഓൺലൈൻ അപേക്ഷ verify ചെയ്ത് ബി.എഡ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാത്തതും, അപൂർണ്ണവുമായ അപേക്ഷകൾ ഇനിയൊരു അറിയിപ്പ് കൂടാതെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

ഒപ്പ്/-

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**ഓൺലൈൻ അപേക്ഷകളിൽ ബി.എഡ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകരുടെ വിവരങ്ങൾ www.hscap.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

La